നിയമനം നടത്തിയിരിക്കുന്നത്. ഡ്രൈവർ തസ്തികകളിൽ ദിവസകൂലിക്കും, വാച്ച്മാൻ, പാർട്ടൈം സ്വീപ്പർ തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും നിയമനം നടത്തിയിരിക്കുന്നു. കേരള ഹൈക്കോർട്ട് ലീഗൽ സർവ്വീസ് കമ്മിറ്റിയിലെ എല്ലാ തസ്തികകളിലും കേരള ഹൈക്കോടതി സർവ്വീസിൽ നിന്നുമാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നത്.

(ഡി) ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ജില്ലാതല താലൂക്ക്തല ഓഫീസുകൾ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) ജില്ലാതല, താലൂക്ക്തല ഓഫീസുകൾ സ്ഥാപിക്കുന്നകാര്യവും, തസ്തികകൾ സൃഷ്ടിക്കുന്ന കാര്യവും സർക്കാർ പരിഗണനയിലാണ്. തീരുമാനം കൈക്കൊണ്ടിട്ടില്ല.

സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ്

203 (205) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ ;

(ബി) സർക്കാർ സർവ്വീസിലുള്ള ഡോക്ടർമാരിൽ ഒരുവിഭാഗം സ്വകാര്യ പ്രാക്ടീസിൽ ഏർപ്പെടാൻ താല്പര്യപ്പെടുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സർക്കാർ സർവ്വീസിലുള്ള ഡോക്ടർമാരിൽ സ്വകാര്യ പ്രാക്ടീസ് ഓപ്റ്റ് ചെയ്യുന്നവർ എത്രയെന്നും സ്വകാര്യ പ്രാക്ടീസ് ഓപ്റ്റ്ചെയ്യാത്തവർ എത്രയെന്നും തിട്ടപ്പെടുത്തുന്നതിനായി ഡി.എം.ഇ., ഡി.എഫ്.എസ്. എന്നിവർ സർക്കുലർ പുറപ്പെടുവിച്ച് വിവരശേഖരണം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സ്വകാര്യ പ്രാക്ടീസിൽ ഏർപ്പെടാത്ത ഡോക്ടർമാർ പ്രത്യേകം ക്ലാസിഫൈ ചെയ്ത് അവർക്ക് കൂടുതൽ പ്രൊമോഷൻ സാദ്ധ്യതകളും മറ്റാനുകൂല്യങ്ങളും നൽകാനായി ഒരു പദ്ധതി ആവിഷ്ക്കരിക്കുമോ ?

ഉത്തരം

(എ) സർക്കാർ ഡോക്ടർമാർക്ക് ഡ്യൂട്ടി കഴിഞ്ഞുള്ള സമയങ്ങളിൽ താമസസ്ഥലത്ത് വച്ച് രോഗികളെ പരിശോധിക്കാൻ ഇപ്പോൾ തന്നെ വ്യവസ്ഥയുണ്ട്. അതിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല.

(ബി) ഇക്കാര്യം അന്വേഷിച്ചിട്ടില്ല.

(സി&ഡി) തൽക്കാലം ഉദ്ദേശമില്ല.

LIBRARY ARCHIVES Kerala Legislative Assembly